പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3032

15.02.2013ൽ മറുപടി നൽകേണ്ടിയിരുന്നത്

# കേരള ക്രിക്കറ്റ് അസോസിയേഷൻ തൊടുപുഴയിൽ വാങ്ങിയ ഭൂമി

| | ചോദ്യം<br>ശ്രീ.എ.കെ.ബാലൻ : | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
|---|---|---|---|
| (എ) | കേരള ക്രിക്കറ്റ് അസോസിയേഷൻ തൊടുപുഴയിൽ വസ്തു വാങ്ങിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ ഭൂമിയാണ് വാങ്ങിയത്; | (എ) | ഉണ്ട്. 9.40.70 ഏക്കർ |
| (ബി) | ഇതിൽ നെൽകൃഷി ചെയ്യുന്ന നിലം ഉൾപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ഏക്കർ നിലമാണ് വാങ്ങിയിട്ടുള്ളത് ; നിലവിൽ കൃഷി ചെയ്യുന്ന നിലമാണോ ഇത് ; | (ബി) | ക്രിക്കറ്റ് അസോസിയേഷൻ വാങ്ങിയിട്ടുള്ള സർവ്വേ നമ്പർ 76/1, 2, 3, 4, 5 എന്നിവയിലുൾപ്പെട്ടു വരുന്ന 0.82.40 ഹെക്ടർ നിലം (2.03.61 ഏക്കർ) ഡേറ്റാ ബാങ്ക് പ്രകാരം 15 വർഷം മുമ്പ് പരിവർത്തനം ചെയ്യപ്പെട്ടതാണ്. ടി സ്ഥലത്ത് 15 വർഷമായി നെൽകൃഷി ചെയ്യുന്നില്ല. സർവ്വേ നമ്പർ 76/6, 7, 9, 10, 11 എന്നിവയിലുൾപ്പെട്ട 8.82.20 ഹെക്ടർ (2.03.12 ഏക്കർ) നിലം നെൽകൃഷിയുണ്ടായിരുന്നതും കേരള ക്രിക്കറ്റ് അസോസിയേഷൻ ടി സ്ഥലം വാങ്ങിയതിനുശേഷം നെൽകൃഷിയില്ലാത്തതുമാണ്. |
| (സി) | പ്രസ്തുത നിലം നികത്തരുതെന്ന് കാർഷികോൽപാദന കമ്മീഷണർ ഉത്തരവായിട്ടുണ്ടോ ; പ്രസ്തുത നിലം നികത്താൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ രേഖ ലഭ്യമാക്കുമോ ? | (സി) | സർവ്വേ നമ്പർ 76/1, 2, 3, 4, 5 എന്നിവയിലുൾപ്പെട്ടുവരുന്ന 0.82.40 ഹെക്ടർ നിലം നികത്തുന്നതിനുള്ള അപേക്ഷ നിരസിച്ചുകൊണ്ട് കാർഷികോൽപാദന കമ്മീഷണർ 23-07-2012 -ാം തീയതി സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 1492/2012/കൃഷി പ്രകാരം ഉത്തരവായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ